**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4805** **11-08-2021 - ൽ മറുപടിയ്ക്ക്**

**ആശ്രാമം എയർസ്ട്രിപ്പ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രവ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി ഗതാഗതവകുപ്പ് മുഖേന ബി.ആർ.ഡി.സി. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച ശേഷമേ തുടർനടപടികൾ സ്വീകരിക്കാനാകുകയുള്ളു. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സൈറ്റ് ക്ലിയറൻസിന് വേണ്ടി മെറ്റീരിയോളജിക്കൽ ഡേറ്റാ , സർവ്വേ മാപ്പ്, റവന്യൂ മാപ്പ്, ഫ്ലഡ് ഡേറ്റാ എന്നിവ 07.06.2021 ൽ ബി.ആർ.ഡി.സി. സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കൊല്ലം ആശ്രാമം മൈതാനത്ത് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | നിലവിൽ കൊല്ലം ആശ്രാമം മൈതാനത്ത് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ